(ഡി) ഇവിടുത്തെ പരിശീലകർക്ക് ആധുനിക രീതിയിലുള്ള പരിശീലനോപകരണങ്ങൾ വാങ്ങുവാൻ ധനസഹായം നൽകുമോ;

(ഇ) ഈ സ്ഥാപനത്തിനാവശ്യമായ സഹായങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഏകലവ്യ അമ്പെയ്ത്തു പരിശീലന കേന്ദ്രം ഗവൺമെന്റ് നടത്തുന്ന സ്ഥാപനമല്ല. ഈ കേന്ദ്രത്തിന് സർക്കാർ ധനസഹായം നൽകുന്നുമില്ല.

(ബി) 2004-2005 വർഷത്തിൽ ജയ്പൂരിൽവച്ചു നടന്ന ദേശീയ വനവാസി കായിക മത്സരത്തിൽ 22 പേർ പങ്കെടുത്തതിൽ 3 പേർക്ക് സ്വർണ്ണ മെഡലും 2 പേർക്ക് വെള്ളി മെഡലും ലഭിച്ചിട്ടുണ്ട്.

(സി) അതെ.

(ഡി & ഇ) തല്ക്കാലം നിർവ്വാഹമില്ല.

പിന്നോക്ക സമുദായത്തിലെ തൊഴിലന്വേഷകർക്ക് അനുവദിച്ച തുക

112 [1457] ശ്രീ. സി. കെ. നാണു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായത്തിലെ തൊഴിലന്വേഷകരായ യുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി കഴിഞ്ഞ സാമ്പത്തികവർഷം എത്ര കോടി രൂപ കോഴിക്കോട് ജില്ലയിൽ അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) എത്ര പേർക്കാണ് ഈ തുക അനുവദിച്ചത് എന്നും പരമാവധി എത്ര തുകയാണ് ഒരാൾക്ക് അനുവദിച്ചത് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും സ്വയംതൊഴിൽ പദ്ധതി പ്രകാരം 1.59 കോടി രൂപയും കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും 5 യുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി 2,05,000 രൂപയും വായ്പ അനുവദിച്ചു.

(ബി) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും 353 പേർക്കാണ് ഈ തുക അനുവദിച്ചത്. ഓട്ടോറിക്ഷ വാങ്ങുന്നതിന് ഒരാൾക്ക് പരമാവധി ഒരുലക്ഷം രൂപ വരെയും മറ്റ് പദ്ധതികൾക്ക് പരമാവധി 50,000 രൂപവരെയും ആണ് അനുവദിച്ചിട്ടുള്ളത്.

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിൽ സ്വയംതൊഴിൽ വായ്പയ്ക്ക് പരമാവധി നൽകുന്ന തുക 47,500 രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly